"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - 10.10.2023- ലെ സ.ഉ.(കൈ)നം.18/2023/ആയുഷ് ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.25/2024/AYUSH തീയതി,തിരുവനന്തപുരം, 08-10-2024

---

പരാമർശം:-
1. 28.10.2008 ലെ സഉ (കൈ) നം 551/2008/ആകു.വ
2. 10.10.2023- ലെ സ.ഉ.(കൈ)നം.18/2023/ആയുഷ്
3. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 25.10.2023 ലെ ഡിഐഎസ്എം/147/2022/ഡി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (2) ഉത്തരവിലെ നിബന്ധന 4, 9 എന്നിവ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. **ആയുഷ് വകുപ്പിൽ സർവീസ് ക്വാട്ടയിൽ പി.ജി ചെയ്യുന്ന മെഡിക്കൽ ഓഫീസർമാർക്ക് കോഴ്സ് പൂർത്തിയാക്കിയതിനു ശേഷമുള്ള നിർബന്ധിത സേവനകാലയളവ് 12 (പന്ത്രണ്ട്) വർഷം ആയിരിക്കും. എന്നാൽ വിരമിക്കൽ പ്രായം 56 വയസ്സുള്ളതും, പി.ജി കോഴ്സ് പൂർത്തിയാക്കിയതിനു ശേഷം എട്ട് വർഷം മുതൽ 12 വർഷത്തിനകം വിരമിക്കുന്നതുമായ മെഡിക്കൽ ഓഫീസർമാരുടെ കേസിൽ മാത്രം പി.ജി കോഴ്സ് പൂർത്തിയാക്കിയതിനു ശേഷമുള്ള നിർബന്ധിത സേവനകാലയളവ് അവർ സാധാരണയായി സർവീസിൽ നിന്ന് വിരമിക്കുന്ന തീയതി വരെ നിജപ്പെടുത്താവുന്നതാണ്. കോഴ്സ് പൂർത്തിയാക്കിയതിനു ശേഷം എട്ട് വർഷമെങ്കിലും തുടർ സേവനമില്ലാത്തവർക്ക് ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.**

9. 12 വർഷത്തെ നിർബന്ധിത സേവനകാലയളവിൽ എന്നത് **"8/12 വർഷത്തെ നിർബന്ധിത സേവന കാലയളവിൽ"** എന്ന് ഭേദഗതി വരുത്തുന്നു.

പരാമർശം (2) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (2286693 HLT-B1/217/2022-FIN dated 5.10.2024)

ഡയറക്ടർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 08-10-2024 14:47:14

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പി എസിന്